# നീര ഉത്പാദനം: ഏഴ് സ്ഥാപനങ്ങൾക്ക് അനുമതി

തിരുവനന്തപുരം: കേരളത്തിൽ നീര ഉത്പാദിപ്പിക്കാനും വിതരണം ചെയ്യാനും ഏഴ് സ്ഥാപനങ്ങൾക്ക് ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം അനുമതി നൽകി.

കാർഷിക സർവകലാശാല, ബിവറേജസ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, ബോണഫൈഡ് ജാഗറി ഉത്പാദകർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കാണ് അനുമതിയെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

കരട് പോഷകാഹാര നയത്തിന് സർക്കാർ അംഗീകാരം നൽകി. ശിശുക്കൾ മുതൽ വൃദ്ധർ വരെയുള്ളവരിൽ പോഷകാഹാര ന്യൂനത കൂടുന്നതിനാലാണ് നയം രൂപീകരിച്ചത്.. യുനിസെഫിന്റെ സഹായത്തോടെ ഈ മേഖലയിലെ വിദഗ്ധരുടെ നിർദ്ദേശങ്ങൾ കരട് നയത്തിലുണ്ട്.



കൃഷി വകുപ്പിന്റെ പ്രത്യേക സമിതി തയ്യാറാക്കിയ കാർഷിക വികസന നയം മന്ത്രിസഭാ യോഗം ചർച്ച ചെയ്തു. ഇതിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് ശുപാർശ നൽകാൻ കൃഷി മന്ത്രി കെ. പി മോഹനൻ കൺവീനറായ കമ്മിറ്റിയെ നിയോഗിച്ചു. മന്ത്രിമാരായ കെ. സി. ജോസഫ്, ഷിബു ബേബിജോൺ, അടൂർ പ്രകാശ്, കെ. ബാബു എന്നിവർ അംഗങ്ങളാണ്.

പി. എസ്. സി തിരഞ്ഞെടുത്ത എസ്.ഐമാർക്ക് ഉടൻ പരിശീലനം ആരംഭിക്കാൻ അടിസ്ഥാന സൗകര്യം ഒരുക്കാൻ ഒരുകോടി 11ലക്ഷം രൂപ അനുവദിച്ചു. ലിസ്റ്റ് സംബന്ധിച്ച തർക്കം പരിഹരിക്കേണ്ടത് പി.എസ്.സിയാണ്. - മുഖ്യമന്ത്രി പറഞ്ഞു.